പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T6661 — 09.07.2014 ൽ മറുപടിക്ക്

**ആധാർ എൻറോൾമെന്റ് നടത്തുന്ന ഏജൻസികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മോൻസ് ജോസഫ്** | **ശ്രീ.പി .കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഇതുവരെ എത്ര പേർക്ക് ആധാർ കാർഡ് ലഭിച്ചു എന്ന് വ്യക്തമാക്കാമോ ; | (എ) 3,04,33,198 പേർക്ക് ആധാർ നമ്പർ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം ഏജൻസികൾ ആണ് ഇപ്പോൾ കേരള ഗവൺമെന്റിന്റെ കീഴിൽ എൻറോൾമെന്റ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) അക്ഷയ, കെൽട്രോൺ എന്നീ ഏജൻസികളാണ് കേരള സർക്കാരിനു കീഴിൽ ആധാർ എൻറോൾമെന്റ് നടത്തുന്നത്. |
| (സി) എന്നുവരെയുള്ള പേയ്മെന്റ് ആണ് യു.ഐ.ഡി.എ.ഐൽ നിന്നും ഗവൺമെന്റിന് ലഭിച്ചത്; ലഭിച്ച തുകയിൽ എന്നുവരെയുള്ള പേമെൻറ് ഏജൻസികൾക്ക് കൊടുത്തു; ബാക്കി തുക എന്ന് നൽകും എന്ന് വ്യക്തമാക്കുമോ; | (സി) ഏപ്രിൽ 2014 വരെയുള്ള തുക കേരള സ്റ്റേറ്റ് ഐ.ടി മിഷന് ലഭിച്ചിട്ടുണ്ട്. ഒക്ടോബർ 2013 വരെയുള്ള തുക ഫെബ്രുവരി 2014-ൽ വിതരണം ചെയ്തു. ബാക്കി തുക വിതരണം ചെയ്യുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ഡി) കേരളത്തിന്റെ അക്ഷയ പോലുള്ള ഏജൻസികൾ ഇപ്പോൾ നടത്തുന്ന എൻറോൾമെന്റുകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമുണ്ടോ ; | (ഡി) UID അതോറിറ്റിയുടെ നിർദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായാണ് കേരളത്തിൽ അക്ഷയ പോലുള്ള ഏജൻസികൾ വഴി ആധാർ എൻറോൾമെന്റ് നടത്തുന്നത്. |
| (ഇ) ആധാർ നമ്പർ ജനറേറ്റ് ചെയ്തിട്ടുള്ളതിൽ കാലതാമസം വരുത്തുന്ന വകയിൽ പിഴ ഈടാക്കുന്നുണ്ടോ ; | (ഇ) എൻറോൾമെന്റിനു ശേഷം data UIDAI സെർവറിലേക്ക് അപ് ലോഡ് ചെയ്യുന്നതിന് 20 ദിവസത്തിൽ കൂടുതൽ കാലതാമസം വരുത്തിയാൽ എൻറോൾമെന്റ് ഏജൻസികളിൽ നിന്നും കാല താമാസത്തിനനുസൃതമായി പിഴ ഈടാക്കുവാൻ വ്യവസ്ഥയുണ്ട്. |
| (എഫ്) ഇ-ഡിസ്ട്രിക്ട് പദ്ധതിയും ഇ-ഗവേണൻസും കൃത്യമായി നടപ്പിലാക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ? | (എഫ്) ഇ-ഡിസ്ട്രിക്ട് പദ്ധതിയും ഇ-ഗവേണൻസ് പദ്ധതികളും നടപ്പിലാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. |

**ഇ-ഡിസ്ട്രിക്ട്**

സംസ്ഥാനത്ത് പ്രധാനമായും റവന്യൂ വകുപ്പിലെ സേവനങ്ങൾ നടപ്പിലാക്കുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതിയും അക്ഷയ കേന്ദ്രങ്ങൾ വഴി ഓൺലൈനായി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന സമ്പ്രദായവും നടപ്പിലാക്കുന്നതിനു മുന്നോടിയായി റവന്യൂ ഓഫീസുകളിൽ അവശ്യമായിരുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിരുന്നു. എല്ലാ വില്ലേജ്, താലൂക്ക്

ഓഫീസുകളിലും ഇന്റർനെറ്റ് (ബിഎസ്എൻഎൽ വി.പി.എൻ & റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ) സൗകര്യവും, കമ്പ്യൂട്ടർ മുതലായ ഹാർഡ് വെയർകളും നൽകി. കൂടാതെ ഇ-ഡിസ്ട്രിക്റ്റ് പോർട്ടലിലൂടെ ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഒപ്പു വയ്ക്കുന്നതിനായി സർട്ടിഫിക്കറ്റുകൾ അംഗീകരിച്ച് നൽകേണ്ട ഉദ്യോഗസ്ഥർക്കായി ഡിജിറ്റൽ സിഗ്നേച്ചർ ടോക്കണുകൾ ലഭ്യമാക്കുകയും, അവർക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്തിരുന്നു. ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി എല്ലാ ജില്ലകളിലും 5 വീതം ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട് . കൂടാതെ എല്ലാ ജില്ലകളിലും മാസത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ അവലോകന യോഗം നടത്തണം എന്ന കർശന നിർദേശം ബന്ധപ്പെട്ട അധികാരികൾക്ക് നല്കിയിട്ടുണ്ട്. ഇതിൻ പ്രകാരം ഭൂരിഭാഗം ജില്ലകളും ബന്ധപ്പെട്ട അവലോകന യോഗങ്ങൾ കഴിഞ്ഞ മാസങ്ങളിൽ നടത്തുകയും അതാതു ജില്ലകളിലെ ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയുമുണ്ടായി. ഇത് കൂടാതെ ജില്ലാ തല അവലോകന യോഗങ്ങളിൽ വിലയിരുത്തുന്നതിനായി ഓരോ ജില്ലയുടെയും ഓരോ മാസത്തെയും ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ പുരോഗതി വിശദമായി പ്രതിപാദിക്കുന്ന റിപ്പോർട്ട് ഐ.ടി. മിഷൻ അതാതു ജില്ലകളിലെ ബന്ധപ്പെട്ട അധികാരികൾക്ക് ലഭ്യമാക്കുകയും വീഡിയോ കോൺഫറൻസ് മുഖേന ചർച്ച ചെയ്തു പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം തന്നെ എല്ലാ ജില്ലകളിലും ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി അതാതു ജില്ലയിലെ ബന്ധപ്പെട്ട റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടേയും അക്ഷയാ സംരംഭകരുടെയും ഒരു സംയുക്ത യോഗം നടത്തുകയും ചെയ്തു.

**ഇ-ഗവേണൻസ്**

ഇ-ഗവേണൻസിനു വേണ്ടി വകുപ്പ് തലത്തിൽ വിവിധ പ്രൊജക്ട് കമ്മിറ്റികളും ,വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാന തലത്തിൽ രൂപീകരിച്ച അപെക്സ് കമ്മിറ്റിയും മുഖ്യ മന്ത്രിയുടെ അധ്യക്ഷതയിൽ നയ രൂപികരണത്തിനായുള്ള steering കമ്മിറ്റിയും ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കി വരുന്നുണ്ട്. സെക്രട്ടേറിയേറ്റിൽ ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നു. ഒന്നാംഘട്ടമായി 16 വകുപ്പുകളിലും രണ്ടാം ഘട്ടമായി ബാക്കിയുള്ള വകുപ്പുകളിലും ഈ സംവിധാനം നിലവിൽ വരും.

സെക്ഷൻ ഓഫീസർ